# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:24.02.2025**

1. പി എം കിസാൻ സമ്മാൻ നിധിയുടെ 19-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബീഹാറിലെ ഭഗൽപൂരിൽ വിതരണം ചെയ്യും.

2. റവന്യൂ ദിനാഘോഷവും റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്കുള്ള പുരസ്കാര വിതരണവും ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

3. കാട്ടാന ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ വനം മന്ത്രി എ കെ ശശീന്ദ്രന്റെ അധ്യക്ഷതയിൽ ഇന്ന് ആറളത്ത് സർവ്വകക്ഷി യോഗം ചേരും.

4. സംസ്ഥാനത്തെ 28 തദ്ദേശ വാർഡുകളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. വോട്ടെണ്ണൽ നാളെ നടക്കും.

5. ആരോഗ്യപൂർണ്ണമായ ജീവിതശൈലിയുടെ പ്രചാരണത്തിനായി മോഹൻലാൽ ഉൾപ്പെടെ രാജ്യത്തെ പ്രമുഖരായ പത്ത് പേരെ നാമനിർദ്ദേശം ചെയ്ത് പ്രധാനമന്ത്രി.

6. രഞ്ജി ട്രോഫി ഫൈനലിനായി കേരള ക്രിക്കറ്റ് ടീം നാഗ്പൂരിൽ. വിദർഭയുമായുള്ള ഫൈനൽ മറ്റന്നാൾ

*******************************************

RNU TVPM

## പ്രധാനമന്ത്രി - ബീഹാർ

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 19-ാാം ഗഡു പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബീഹാറിലെ ഭഗൽപൂരിൽ വിതരണം ചെയ്യും. പരിപാടിയിൽ നേരിട്ടും വെർച്വലായും രണ്ടര കോടിയോളം കർഷകർ പങ്കെടുക്കും. രാജ്യത്തുടനീളമുള്ള 731 കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും. 9.8 കോടിയിലധികം കർഷകർക്ക് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിലൂടെ 22,000 കോടിയിലധികം രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. പ്രതിവർഷം ആറായിരം രൂപയാണ് മൂന്ന് തുല്യ ഗഡുക്കളായി കർഷകർക്ക് ലഭിക്കുന്നത്.

*******************************************

RIJU TVPM

## മോഹൻലാൽ - പി എം

അമിതവണ്ണത്തിനെതിരായ പോരാട്ടം ശക്തിപ്പെടുത്തുന്നതിനും ഭക്ഷ്യ എണ്ണയുടെ ഉപഭോഗം കുറയ്ക്കുന്നതിനെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുന്നതിനുമായി സിനിമാതാരം മോഹൻലാൽ ഉൾപ്പടെ പത്ത് പേരെ നാമനിർദ്ദേശം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്നലെ ജനങ്ങളുമായി മൻ കി ബാത്തിലൂടെ സംവദിച്ച പ്രധാനമന്ത്രി ഉറച്ചതും ആരോഗ്യമുള്ളതുമായ രാഷ്ട്ര നിർമാണത്തിന് ഭക്ഷണ ശീലങ്ങളിലെ ചെറിയ മാറ്റങ്ങൾ നമ്മുടെ ഭാവി കൂടുതൽ രോഗരഹിതമാക്കാൻ സഹായിക്കുമെന്ന് പറഞ്ഞു. വ്യവസായി ആനന്ദ് മഹീന്ദ്ര, ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുല്ല എന്നിവരും പട്ടികയിൽ ഉൾപ്പെടുന്നു.

*******************************************

## റവന്യൂ അവാർഡ്

സംസ്ഥാനത്തെ ഈ വർഷത്തെ റവന്യൂ ദിനാഘോഷവും റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്കുള്ള പുരസ്കാര വിതരണവും ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കും. കേരളത്തിലെ റവന്യൂ ഭരണത്തിന്റെ അടിസ്ഥാന രേഖയായി കരുതുന്ന 1886 ഫെബ്രുവരി 24 ലെ തിരുവിതാംകൂർ സെറ്റിൽമെൻറ് വിളംബരത്തിന്റെ അടിസ്ഥാനത്തിലാണ് ഫെബ്രുവരി 24 റവന്യു ദിനമായി ആചരിക്കുന്നത്.

*************************************

## ആറളം - കാട്ടാന .. (ഇൻട്രോ)

കണ്ണൂർ ആറളത്ത് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ദമ്പതികളുടെ മൃതദേഹം പോസ്റ്റ്മോർട്ടതിനു ശേഷം ഇന്ന് വൈകുന്നേരം സംസ്കരിക്കും . അതിനിടെ, ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കണ്ണൂർ കലക്ടറേറ്റിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം പുരോഗമിക്കുന്നു. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

*************************************

## മുഖ്യമന്ത്രി – ഗവർണർ

മുഖ്യമന്ത്രി പിണറായി വിജയൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ സന്ദർശിച്ചു. രാവിലെ രാജ്ഭവനിലായിരുന്നു. കൂടിക്കാഴ്ച്ച. സമകാലിക വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തതായാണ് സൂചന.

RNU TVPM

***********************************

## പൊന്ന്യം-ഗവർണർ

തലശ്ശേരി പൊന്ന്യം ഏഴരക്കണ്ടത്തിൽ ആരംഭിച്ച പൊന്ന്യത്തങ്കത്തോട് അനുബന്ധിച്ച് നാളെ നടക്കുന്ന പരിപാടിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പങ്കെടുക്കും. പുതിയ തലമുറയിലേക്ക് കളരിപ്പയറ്റിന്റെ ചരിത്രവും സംസ്കാരവും പകർന്നു നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. ഈ മാസം 27 വരെയാണ് പൊന്ന്യത്തങ്കം നടക്കുന്നത്.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്

(ബ്രേക്ക്)

PNU TVPM

***********************************

## ഉപതിരഞ്ഞെടുപ്പ്-തദ്ദേശ വാർഡ്

തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡുൾപ്പെടെ സംസ്ഥാനത്തെ 28 തദ്ദേശ വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്. രാവിലെ ഏഴ് മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറ് മണിക്ക് സമാപിക്കും. വോട്ടെണ്ണൽ നാളെ നടക്കും.

***********************************

## ഇൻവെസ്റ്റ് കേരളം-പി രാജീവ്

ഇൻവെസ്റ്റ് കേരളം ആഗോള നിക്ഷേപക ഉച്ചകോടിയിൽ നിലവിൽ 1.52 ലക്ഷം കോടി രൂപയ്ക്ക് പുറമെ കൂടുതൽ നിക്ഷേപകർ നിക്ഷേപത്തിന് താല്പര്യം അറിയിച്ച

സാഹചര്യത്തിൽ രണ്ടാഴ്ചക്കുള്ളിൽ താത്പര്യപത്രങ്ങൾ പരിശോധിച്ച് നടപടിയെടുക്കുമെന്ന് മന്ത്രി പി രാജീവ്. നിയമപരമായി നടത്താവുന്ന എല്ലാ വ്യവസായങ്ങൾക്കും പിന്തുണ നൽകുമെന്നും പദ്ധതികൾക്കുള്ള അവതരണാനുമതി വേഗത്തിലാക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല കമ്മിറ്റി പ്രവർത്തിക്കുമെന്നും അദ്ദേഹം അറിയിച്ചു. 50 കോടിക്ക് മുകളിലുള്ള നിക്ഷേപങ്ങളെയും അതിന് താഴെയുള്ളവയെയും ഏഴു മേഖലകളായി തിരിച്ചായിരിക്കും പരിശോധന.

**********************************

## പി എ മുഹമ്മദ് റിയാസ്

പത്തനംതിട്ട ജില്ലയിൽ ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മണ്ഡലങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി 43.5 കോടി രൂപ അനുവദിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. കിഫ്ബി ഫണ്ടിലെ 17.75 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റാന്നി മഠത്തുംചാൽ - മുക്കൂട്ടുതറ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. റാന്നി വലിയകാവ് റിസർവ് റോഡിന് 10 കോടി. തിരുവല്ല - കുമ്പഴ റോഡ്, മരുതൂർ കടവ് വൺവേ ട്രാഫിക് റോഡ് എന്നിവയുടെ നവീകരണത്തിന് 10.5 കോടി രൂപയും. സംസ്ഥാനത്ത് ആകെ 356.97 കോടി രൂപയാണ് ഇത്തവണ ശബരിമല പാക്കേജിൽ അനുവദിച്ചത്.

**********************************

## ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന

RNU TVPM

കഥാഗതി-2025 നാളെ നടക്കും. അഖില കേരള യുവസാഹിത്യ മത്സരത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കഥാകൃത്തുക്കൾക്കായുള്ള ചെറുകഥ ശില്പശാലയാണ് നാളെ സംഘടിപ്പിച്ചിരിക്കുന്നത്. മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജ് ഓഡിറ്റോറിയത്തിൽ രാവിലെ 9.30 ന് ശില്പശാല ആരംഭിക്കും.

*************************************

## ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി- WAVES

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി – WAVES- അടുത്ത മാസം 1 മുതൽ 4 വരെ മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെൻ്ററിലും ജിയോ വേൾഡ് ഗാർഡൻസിലുമായി നടക്കും. കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഉച്ചകോടിയുടെ ഭാഗമായി AI അവതാർ ക്രിയേറ്റർ ചലഞ്ച്, കോമിക്സ് ക്രിയേറ്റർ ചാമ്പ്യൻഷിപ്പ്, ട്രെയിലർ നിർമ്മാണ മത്സരം, ആനിമെ-മൻഗ മത്സരങ്ങൾ, പ്രൊമോ വീഡിയോ ചലഞ്ച് തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നൂതനാശയങ്ങളെയും സർഗ്ഗ പ്രതിഭകളെയും ആധുനിക സാങ്കേതിക വിദ്യകളെയും പ്രോത്സാഹിപ്പിക്കാനും കഥാകഥന ശൈലിയിലെ പുതുതലമുറ രീതികൾ പരിചയപ്പെടാനും WAVES വേദിയൊരുക്കും..

*************************************

## രഞ്ജി ട്രോഫി

നാഗ്പൂരിൽ മറ്റെന്നാൾ ആരംഭിക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റിന്റെ ഫൈനലിൽ കേരളം വിദർഭയുമായി ഏറ്റുമുട്ടും. ഇന്നലെ നാഗ്പൂരിൽ എത്തിയ കേരളം ടീം ഇന്നും

RNU TVPM

നാളെയും പരിശീലനത്തിനിറങ്ങും. ചരിത്രത്തിലാദ്യമായാണ് കേരളം രഞ്ജി ട്രോഫി ഫൈനൽ കളിക്കുന്നത് . നിലവിലെ ചാമ്പ്യന്മാരായ മുംബയെ സെമിയിൽ പരാജയപ്പെടുത്തിയതിന്റെ ആവേശവുമായി തുടർച്ചയായി രണ്ടാം വട്ടമാണ് രഞ്ജി ട്രോഫിയുടെ കലാശപ്പോരിന് വിദർഭ യോഗ്യത നേടിയത്. രഞ്ജിയിൽ ഈ സീസണിലെ ഏറ്റവും കരുത്തരായ ടീമാണ് വിദർഭ. അതേസമയം സൽമാൻ നിസാർ, അസ്ഹർദീൻ , രോഹൻ കുന്നുമ്മൽ എന്നിവരുടെ ബാറ്റിംഗ് കരുത്തും ജലജ് സക്സേന , ആദിത്യ സർവാതെ, എം ഡി നിതീഷ് എന്നിവരുടെ ബൗളിംഗ് മികവും തുടർന്നാൽ കിരീടം നേടാനാകും എന്ന പ്രതീക്ഷയിലാണ് കേരള ടീം. അടുത്ത മാസം രണ്ടുവരെയാണ് മത്സരം .

***********************************

## പി സി ജോർജ്

ടെലിവിഷൻ ചർച്ചയ്ക്കിടെ മതവിദ്വേഷ പരാമർശം നടത്തിയെന്ന കേസിൽ ബിജെപി നേതാവ് പി സി ജോർജ് കോടതിയിൽ കീഴടങ്ങി. ഈരാറ്റുപേട്ട മുൻസിഫ് കോടതിയിലാണ് കീഴടങ്ങിയത്. ഹൈക്കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിന് പിന്നാലെയാണ് കീഴടങ്ങിയത്. ജനുവരി ആറിന് ഒരു ചാനൽ ചർച്ചയിൽ പി സി ജോർജ് നടത്തിയ പരാമർശത്തിനെതിരെ യൂത്ത് ലീഗ് ആണ് പരാതി നൽകിയത്.

***********************************

RNU TVPM

## VD സതീശൻ - ആശാവർക്കർമാർ

സംസ്ഥാനത്തെ ആശാവർക്കർമാരിൽ അമിത ജോലിഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ. മലപ്പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്നു മാസത്തെ ഹോണറേറിയം കുടിശ്ശികയാണെന്നും സർക്കാർ ആശമാരുടെ ആവശ്യം അവഗണിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

************************************

## മാലിന്യ സംസ്കരണ പ്ലാൻ്റ്

കണ്ണൂർ കൂത്തുപറമ്പ് വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിൽ, മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം , മന്ത്രി M B രാജേഷ് ഇന്ന് നിർവഹിക്കും. ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെ പുനഃചംക്രമണമാണ് യൂണിറ്റിൽ നടക്കുക.

***************************************************************************

***********************************

************************************